(ബി) കാർഷിക ആവശ്യങ്ങൾക്കായി വായ്പ എടുത്തവരിൽനിന്ന് എത്ര രൂപയുടെ കുടിശ്ശിക ധനകാര്യ സ്ഥാപനങ്ങൾക്ക് മടക്കിക്കിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ ബാങ്കുകളിൽനിന്നായി കാർഷിക മേഖലയ്ക്കു നൽകിയ വായ്പ ഇപ്രകാരമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

വർഷം	*രൂപ (കോടിയിൽ)*
2001-2002	2861
2002-2003	3514
2003-2004	4549

(ബി) കാർഷിക മേഖലയ്ക്കു നൽകിയ വായ്പയിൽ ബാങ്കുകൾക്ക് കുടിശ്ശികയായി കിട്ടാനുള്ളത് 30-6-2003 വരെ 637 കോടി രൂപയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

കേന്ദ്രസർക്കാരിന്റെ പ്രോൽസാഹന നിധിയിൽനിന്നും ധനസഹായം

7 [3733] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനകമ്മിയും റവന്യൂകമ്മിയും വർദ്ധിച്ചതുകാരണം കേന്ദ്രസർക്കാരിന്റെ പ്രോൽസാഹന നിധിയിൽനിന്നും ലഭിക്കേണ്ട ധനസഹായം നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഈ നിധിയിൽനിന്നും കഴിഞ്ഞ മൂന്ന് വർഷമായി എന്തു തുക വീതം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ പ്രോൽസാഹന നിധിയിൽനിന്നും 2000-2001, 2001-2002 കാലയളവിൽ സഹായധനം ലഭിക്കുകയുണ്ടായി. 2002-2003, 2003-2004 എന്നീ വർഷങ്ങളിലെ റവന്യൂ കമ്മിയിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതുമൂലം പ്രോൽസാഹന നിധിയിൽനിന്നും സഹായധനം ലഭിച്ചിട്ടില്ല. 2004-2005 വർഷത്തെ അന്തിമ കണക്കിന്റെ അടിസ്ഥാനത്തിൽ റവന്യൂകമ്മി തിട്ടപ്പെടുത്തിയാൽ മാത്രമേ ബാക്കിയുള്ള കാലയളവിലേയ്ക്കുള്ള സഹായധനം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രോൽസാഹന നിധിയിൽനിന്ന് 2001-2002-ൽ 23.52 കോടി രൂപയും, 2002-2003-ൽ 40.92 കോടി രൂപയും (2000-2001, 2001-2002 കാലയളവിലെ റവന്യൂ കമ്മി ആധാരമാക്കി) ധനസഹായം ലഭിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly